**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 228** **16-09-2025 - ൽ മറുപടിയ്ക്ക്**

**ആശുപത്രികളിലെ മരുന്ന്, ഉപകരണ ക്ഷാമം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ആശുപത്രികളിലെ മരുന്ന് ക്ഷാമം മൂലം ജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ നിലവിൽ മരുന്നുക്ഷാമം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>സർക്കാർ ആശുപത്രികളിൽ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപറേഷനിൽ ദർഘാസ് മുഖേന ലഭ്യമായ എല്ലാ മരുന്നുകളുടെയും വിതരണോത്തരവുകൾ സമയബന്ധിതമായി നൽകിയിട്ടുണ്ട്. കൂടാതെ ഏതെങ്കിലും ഒരു ജില്ലയിൽ ഏതെങ്കിലും മരുന്നുകൾക്ക് ലഭ്യത കുറവ് അനുഭവപ്പെടുന്നുണ്ടെങ്കിൽ പ്രസ്തുത മരുന്നുകൾ ലഭ്യമായ മറ്റു ജില്ലകളിലെ മരുന്നു സംഭരണശാലകളിൽ നിന്നും വെയർഹൗസുകൾ തമ്മിലുള്ള മരുന്നു കൈമാറ്റ പ്രക്രിയ വഴി മരുന്നുകൾ ആവശ്യമായ ജില്ലകളിലേയ്ക്കും, സ്ഥാപനങ്ങളിലേയ്ക്കും കൈമാറ്റം നടത്തി മരുന്നുകളുടെ ലഭ്യത ഉറപ്പാക്കി വരുന്നുണ്ട്.<br><br>ഇതിനു പുറമെ മരുന്നുകളുടെ ലഭ്യത കുറവുള്ള ആശുപത്രികൾ പ്രസ്തുത മരുന്നുകൾ ലഭ്യമായ മറ്റു ആശുപത്രികളിൽ നിന്നും സ്ഥാപന കൈമാറ്റം മുഖേന മരുന്നുകളുടെ ലഭ്യത ഉറപ്പാക്കിവരുന്നുണ്ട്.<br><br>അവശ്യമരുന്നുകൾക്ക് പുറമേ De Addiction, Cancer Care, Cardiac, Stroke, HaemoDialysis, NPNCD, NPJHCE, Swass DMHP, NVHCP, Mental Health തുടങ്ങി വിവിധ പദ്ധതികൾ പ്രകാരമുള്ള മരുന്നുകളും മറ്റ് സാധനങ്ങളും കോർപറേഷൻ വഴി ആശുപത്രികളിൽ വിതരണം ചെയ്തു വരുന്നുണ്ട്. ഇതിനു പുറമേ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ ഉപയോഗിച്ചും, കാസ്പ്, ആരോഗ്യ കിരണം, RBSK തുടങ്ങിയ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിയും രോഗികൾക്ക് മരുന്നുകൾ ലഭ്യമാക്കി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ആശുപത്രികളിൽ, സ്റ്റോക്ക് ലഭ്യതക്കുറവ് മൂലം കെ.എം.എസ്.സി.എൽ-ൽ നിന്നും മരുന്നുകൾ ലഭ്യമാവാത്ത സാഹചര്യത്തിൽ, മരുന്നുകൾ നടപടിക്രമങ്ങൾ പാലിച്ച് ലോക്കൽ പർച്ചേസ് വഴിയും വിവിധ സ്കീമുകളിലൂടെയും രോഗികൾക്ക് ലഭ്യമാക്കി വരുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തെ ആശുപത്രികളിൽ ഉപകരണങ്ങളുടെയും മറ്റും ലഭ്യതക്കുറവുമൂലം അടിയന്തര ശസ്ത്രക്രിയകൾ മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | സംസ്ഥാനത്തെ ആശുപത്രികളിൽ ഉപകരണങ്ങളുടെ ലഭ്യതക്കുറവ്മൂലം അടിയന്തര ശസ്ത്രക്രിയകൾ മുടങ്ങിയിട്ടില്ല.<br><br>മെഡിക്കൽ കോളേജുകളിൽ ശസ്ത്രക്രിയ ഉപകരണങ്ങളുടെ വിതരണത്തിൽ ഉണ്ടാകുന്ന കാലതാമസം കാരണം ശസ്ത്രക്രിയകൾ മാറ്റി വയ്ക്കേണ്ട ചില അപൂർവ സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സാഹചര്യത്തിൽ എച്ച്.ഡി.എസ് ഫണ്ട്, സ്കീം ഫണ്ടുകൾ ഉപയോഗിച്ച് പ്രസ്തുത ഉപകരണങ്ങൾ വാങ്ങി കാലതാമസം കൂടാതെ ശസ്ത്രക്രിയകൾ പൂർത്തീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ